**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2449** **07-07-2022 - ൽ മറുപടിയ്ക്ക്**

**തസ്തികമാറ്റം വഴി അസിസ്റ്റന്റ് സ്റ്റേറ്റ് ടാക്സ് ഓഫീസർ തസ്തികയിലേക്കുള്ള നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എൻ.ഷംസീർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിലെ ടൈപ്പിസ്റ്റ്/കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് വിഭാഗങ്ങളിൽ നിന്നും തസ്തികമാറ്റം വഴി അസിസ്റ്റന്റ് സ്റ്റേറ്റ് ടാക്സ് ഓഫീസർ തസ്തികയിലേക്കുള്ള നിയമനത്തിനായി സ്പെഷ്യൽ റൂൾ പ്രകാരം എത്ര ഒഴിവുകൾ നിലവിലുണ്ട്; | (എ) | ഒഴിവുകളൊന്നും നിലവിലില്ല. |
| (ബി) | ഈ വകുപ്പിൽ യോഗ്യരായ ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിനായി പ്രസ്തുത ഒഴിവുകൾ മാറ്റിവെക്കുന്നത് സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ; ഉണ്ടെങ്കിൽ ആയതിന് വേണ്ടി എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | ഒഴിവുകളൊന്നും നിലവിലില്ല. |
| (സി) | സ്പെഷ്യൽ റൂൾ പ്രകാരം 30:1:1 എന്ന അനുപാതത്തിൽ 2016-ന് ശേഷം അസിസ്റ്റന്റ് ടാക്സ് ഓഫീസർ തസ്തികയിലേക്ക് തസ്തികമാറ്റം വഴി എത്ര നിയമനം നടന്നിട്ടുണ്ട്; | (സി) | യു.ഡി.ടൈപ്പിസ്റ്റ് വിഭാഗത്തിൽ നിന്നും 10 പേരും കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് വിഭാഗത്തിൽ നിന്നും 3 പേരും ASTO കേഡറിലേക്ക് തസ്തികമാറ്റം വഴി നിയമിക്കപ്പെട്ടിട്ടുണ്ട്. |
| (ഡി) | പി.എസ്.സി. നടത്തിയ യോഗ്യത പരീക്ഷ പാസായ ഉദ്യോഗാർത്ഥികളുടെ ഒരു വർഷത്തെ ക്ലറിക്കൽ പരിശീലനം 18.04.2022-ന് പൂർത്തിയായതിന് ശേഷം വീണ്ടും ദീർഘിപ്പിക്കാനുണ്ടായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കാമോ; | (ഡി) | ഡെപ്യൂട്ടി കമ്മീഷണർ (പരിശീലനം)ത്തിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ആകസ്മികാവധിയ്ക്കു പുറമെയുള്ള മറ്റു അവധികൾ, ഡയസ് നോൺ തുടങ്ങിയ കാരണങ്ങളാൽ പരിശീലനം പൂർത്തീകരിക്കാനാകാത്ത ട്രെയിനികൾക്ക് അവർ പരിശീലന ഷെഡ്യൂൾ പ്രകാരം ഏത് വിങ്ങിൽ പരിശീലം നടത്തവെയാണോ പരിശീലനം മുടങ്ങിയത് അതത് വിങ്ങുകളിൽ തന്നെ പരിശീലനം പുനഃക്രമീകരിച്ച് നൽകി സ്പെഷ്യൽ റൂൾ അനുശാസിക്കുന്ന യോഗ്യതാമാനദണ്ഡമായ ഒരു വർഷത്തെ ക്ലറിക്കൽ പരിശീലനം ഓരോ ട്രെയിനിയ്ക്കും ലഭിക്കുന്ന തരത്തിൽ പരിശീലനം പുനരാരംഭിക്കുന്നതിനും 19.04.2021 മുതൽ ആരംഭിച്ച ടി പരിശീലനം, 2021 മെയ്, ജൂൺ മാസങ്ങളിൽ ലോക്ക് ഡൗൺ കാരണം നടത്താൻ കഴിയാതെ വന്നിട്ടുണ്ടെന്നും പരിശീലനം നല്കാൻ |

| | | | |
|---|---|---|---|
| | | | ചുമതലപ്പെടുത്തിയിരുന്ന ജോയിന്റ് കമ്മീഷണർ അറിയിച്ചതിനെ തുടർന്ന് ഇത്തരത്തിൽ മറ്റേതെങ്കിലും ജില്ലകളിൽ പരിശീലനം നടത്താനാകാതെ വന്നിട്ടുണ്ടോ എന്ന് പരിശോധിച്ച് ടി ട്രെയിനികൾക്കും യോഗ്യതാമാനദണ്ഡമായ ഒരു വർഷത്തെ പരിശീലനം/സേവനം ലഭിച്ചു എന്ന് ഉറപ്പുവരുത്തുന്ന വിധം പരിശീലനം പുനഃക്രമീകരിക്കുന്നതിനും, സംസ്ഥാന നികുതി കമ്മീഷണറുടെ കാര്യാലയത്തിൽ നിന്നും അനുമതി നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിലാണ് പരിശീലന ചുമതലയുള്ള ഡെപ്യൂട്ടി കമ്മീഷണർ (പരിശീലനം) ടി പരിശീലനപരിപാടി പുനഃക്രമീകരിച്ചുകൊണ്ട് ഉത്തരവായത്. |
| (ഇ) | പരിശീലനം ദീർഘിപ്പിച്ച സാഹചര്യത്തിൽ തുടർപരിശീലനം ആരംഭിക്കുന്നതിന് കാലതാമസം വന്ന സാഹചര്യം വ്യക്തമാക്കാമോ? | (ഇ) | ആകസ്മികാവധിയ്ക്കു പുറമെയുള്ള മറ്റു അവധികൾ, മാതൃത്വ അവധി, ഡയസ് നോൺ, ലോക് ഡൗൺ തുടങ്ങിയ കാരണങ്ങളാൽ ചില ട്രെയിനികൾക്ക് പരിശീലനം തടസ്സപ്പെട്ടിട്ടുള്ളതിനാൽ സ്പെഷ്യൽ റൂൾ അനുശാസിക്കുന്ന യോഗ്യതാമാനദണ്ഡമായ ഒരു വർഷത്തെ ക്ലറിക്കൽപരിശീലനം ഓരോ ട്രെയിനിയ്ക്കും ലഭിക്കുന്ന തരത്തിൽ പരിശീലനം പുനരാരംഭിക്കേണ്ടതായി വന്നു. ഇക്കാരണത്താൽ, വിവിധ ജില്ലകളിലായി വകുപ്പിന്റെ വ്യത്യസ്തവിങ്ങുകളിൽ പരിശീലനം നടത്തിവന്ന ഓരോ ട്രെയിനിമാരുടെയും ഒരു വർഷക്കാലയളവിലെ വിവരങ്ങൾ ശേഖരിച്ച് അവ ക്രോഡീകരിക്കുന്നതിലുണ്ടായ കാലതാമസമാണ് തുടർ പരിശീലനം ആരംഭിക്കുന്നതിൽ കാലതാമസത്തിനിടയാക്കിയത്. |

സെക്ഷൻ ഓഫീസർ